## സായിൽ ഹെൽത്ത് കാർഡ് പദ്ധതി : ആരോഗ്യമുള്ള മണ്ണ്, പച്ചപ്പ് നിറഞ്ഞ വയലേലകൾ

മണ്ണിന്റെ ആരോഗ്യം കാത്തുസൂക്ഷിക്കാനും വളങ്ങളുടെ കൃത്യമായ അളവിനെക്കുറിച്ച് കർഷകന് വിവരങ്ങൾ നൽകാനുമായി ഭാരത സർക്കാർ ഓരോ കൃഷിക്കാരനും സോയിൽ ഹെൽത്ത് കാർഡ് സൗജന്യമായി നൽകുന്നു. ഈ കാർഡിൽ മണ്ണിനാവശ്യമായ സ്ഥൂലവും സൂക്ഷ്മവുമായ പോഷകങ്ങൾ സഹിതം 12 മാനദണ്ഡങ്ങളോട് ബന്ധപ്പെട്ട് മണ്ണിന്റെ അവസ്ഥ സൂചിപ്പിച്ചിരിക്കുന്നു.

## പ്രധാന മന്ത്രി കൃഷി സിഞ്ചായീ യോജന

എല്ലാ കൃഷിയിടങ്ങളിലും ജലത്തിന്റെ കാര്യക്ഷമവും വിവേകപൂർണ്ണവുമായ ഉപയോഗം ഉറപ്പു വരുത്താനായി സർക്കാർ പ്രധാന മന്ത്രി കൃഷി സിഞ്ചായീ യോജന ആരംഭിച്ചിട്ടുണ്ട്. ഇത് ഡ്രിപ്പ്/ സ്പ്രിംങ്കിൾ സമ്പ്രദായങ്ങൾ വഴി ചെറുകിട ജലസേചനം മുഖേന ജലസ്രോതസ്സിൽ നിന്നും കൃഷിയിടത്തിലേക്ക് ജലമെത്തിക്കുവാനുള്ള സമ്പൂർണ്ണ ക്രമീകരണം ഉറപ്പു വരുത്തുന്നു.

## ഇനാം (ഇലക്ട്രോണിക് നാഷണൽ അഗ്രികൾച്ചർ മാർക്കറ്റ്)

രാജ്യത്തെവിടേയും തങ്ങളുടെ ഉൽപ്പന്നം ഏറ്റവും നല്ല വിലയ്ക്ക് വിറ്റഴിക്കാൻ കർഷകനെ സഹായിക്കാനായി സർക്കാർ ഒരു ദേശീയ വിപണന വേദി സജ്ജീകരിച്ചിട്ടുണ്ട്. മാർച്ച് 2018ഓടെ വ്യവസ്ഥാപിതമായ 585 ചന്തകൾ ഈ വേദിയുമായി കൂട്ടിയിണക്കുകയാണ് ലക്ഷ്യം.


കൃഷി, സഹകരണ, കർഷക ക്ഷേമ വിഭാഗം
കൃഷി, കർഷക ക്ഷേമ മന്ത്രാലയം
ഭാരത സർക്കാർ
കൃഷി ഭവൻ, രാജേന്ദ്രപ്രസാദ് റോഡ്, ന്യൂ ഡൽഹി – 110001

www.agri-insurance.gov.in




ശ്രീ നരേന്ദ്ര മോദി
ബഹു:പ്രധാന മന്ത്രി, ഭാരതം

# പ്രധാന മന്ത്രി ഫസൽ ബീമാ യോജന




കൃഷി, സഹകരണ, കർഷക ക്ഷേമ വിഭാഗം
കൃഷി, കർഷക ക്ഷേമ മന്ത്രാലയം
ഭാരത സർക്കാർ


കിസാൻ കോൾ സെന്റർ : 1800 180 1551

അദ്ധ്വാനം നിങ്ങളുടേത്, സുരക്ഷ സർക്കാരിന്റേത്

# പ്രധാന മന്ത്രി ഫസൽ ബീമാ യോജന

പ്രധാന മന്ത്രി ഫസൽ ബീമാ യോജന

1. ഉൾപ്പെടുത്താനുള്ള അവസാന തീയ്യതി : വിരിപ്പു കൃഷി – 31 ജൂലായ്
   മുണ്ടകൻ – 31 ഡിസംബർ
2. ഉൾപ്പെടുത്തിയ വിളകൾ : ബന്ധപ്പെട്ട സംസ്ഥാന സർക്കാർ അതത് സീസണിൽ പ്രഖ്യാപിക്കുന്നവ
3. അടയ്ക്കേണ്ട പ്രീമിയം : വിരിപ്പു കൃഷി : ഭക്ഷ്യ വിളകളും എണ്ണക്കുരുക്കളും – ഇൻഷൂർ ചെയ്യപ്പെട്ട തുകയുടെ പരമാവധി 2%
   വാർഷിക വാണിജ്യ/തോട്ട വിളകൾ – ഇൻഷൂർ ചെയ്യപ്പെട്ട തുകയുടെ പരമാവധി 5%
   മുണ്ടകൻ : ഭക്ഷ്യ വിളകളും എണ്ണക്കുരുക്കളും – ഇൻഷൂർ ചെയ്യപ്പെട്ട തുകയുടെ പരമാവധി 1.5%
   വാർഷിക വാണിജ്യ/തോട്ട വിളകൾ – ഇൻഷൂർ ചെയ്യപ്പെട്ട തുകയുടെ പരമാവധി 5%
4. ഒരു ഹെക്ടറിന് ഇൻഷൂർ ചെയ്യപ്പെട്ട തുക : ജില്ലാ തല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ച, വിളയെ അടിസ്ഥാനപ്പെടുത്തിയ തുക
5. ഇൻഷൂറൻസ് എങ്ങനെ എടുക്കാം :

(എ) വായ്പയെടുത്ത കൃഷിക്കാർ – നിർബന്ധമായും ഉൾപ്പെടുത്താനായി മേല്പറഞ്ഞ അവസാന തീയ്യതിയ്ക്കു മുൻപായി ബാങ്കിനേയോ പ്രാഥമിക കൃഷി സഹകരണ സൊസൈറ്റികളേയോ സമീപിക്കുക.

(ബി)വായ്പയെടുക്കാത്ത കൃഷിക്കാർ – ബാങ്ക് ശാഖയേയോ, ഇൻഷൂറൻസ് കമ്പനിയുടെ അംഗീകൃത ഏജന്റിനേയോ ബ്രോക്കറേയോ അല്ലെങ്കിൽ നേരിട്ട് ഇൻഷൂറൻസ് കമ്പനിയേയോ സമീപിക്കുക.

6. ഉൾപ്പെടുത്താൻ ആവശ്യമായ നിബന്ധനകൾ :

(എ) വായ്പയെടുത്ത കൃഷിക്കാർ – പ്രഖ്യാപിക്കപ്പെട്ട വിളകൾക്ക് അനുവദിക്കപ്പെട്ട വായ്പാ പരിധി

(ബി) വായ്പയെടുക്കാത്ത കൃഷിക്കാർ – ഒരു ബാങ്ക് അക്കൗണ്ട്, ഭൂമിയുടെ കൈവശാവകാശത്തിന്റെ /കുടിയായ്മ അവകാശത്തിന്റെ തെളിവ്, വിത്ത് വിതച്ചതിന്റെ സർട്ടിഫിക്കറ്റ് /കർഷകന്റെ പ്രതിജ്ഞാപത്രം

7. നഷ്ടപരിഹാരം എങ്ങിനെ ആവശ്യപ്പെടാം ?

(എ) വ്യാപകമായ നാശനഷ്ടങ്ങൾ , അതായത് വിളയിൽ ഗണ്യമായ കുറവ്, വിത പരാജയപ്പെട്ടത് തുടങ്ങിയവ – പരാതി ബോധിപ്പിക്കേണ്ട ആവശ്യമില്ല. സ്വയം പ്രവർത്തിക്കുന്ന സംവിധാനം നിലവിലുണ്ട്. വിളകളെപ്പറ്റി സംസ്ഥാന സർക്കാർ സമർപ്പിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നതാണ്.

(ബി)കൊടുങ്കാറ്റ്, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം തുടങ്ങിയവയും ചുഴലിക്കാറ്റ്, മഴയോടുകൂടിയ ചുഴലിക്കാറ്റ്, കാലോചിതമല്ലാത്ത മഴ എന്നിവയും കാരണം വിളകൾക്ക് സംഭവിച്ച നഷ്ടം : സംഭവം നടന്ന് 48 മണിക്കൂറുകൾക്കകം എഴുത്ത്, ഫോൺ, ടോൾഫ്രീ നമ്പർ വഴിയായി ബന്ധപ്പെട്ട ബാങ്കിനേയോ, തദ്ദേശ റവന്യൂ/കൃഷി ഓഫീസിനേയോ ഇൻഷൂറൻസ് കമ്പനിയേയോ വിവരമറിയിക്കേണ്ടതാണ്.

പ്രധാന മന്ത്രി ഫസൽ ബീമാ യോജനയെപ്പറ്റി അറിയുവാൻ കർഷകന് താഴെപ്പറയുന്നവയുമായി ബന്ധപ്പെടാവുന്നതാണ്:

1. ഇൻഷൂറസ് കമ്പനി അല്ലെങ്കിൽ രശീതിൽ കാണിച്ചിരിക്കുന്ന കമ്പനിയുടെ ടോൾഫ്രീ നമ്പർ
2. ബാങ്ക് ശാഖ/പ്രാഥമിക കൃഷി സഹകരണ സൊസൈറ്റി
3. ജില്ലാ കൃഷി ഓഫീസ്
4. ഭാരത സർക്കാരിന്റെ വിള ഇൻഷൂറൻസ് പോർട്ടൽ
5. ഇൻഷൂറൻസ് കമ്പനിയുടെ അംഗീകൃത ഏജന്റ്/ബ്രോക്കർ

പദ്ധതിയുടെ പ്രധാന സവിശേഷതകൾ :

1. ഈ പദ്ധതി, ഇൻഷൂറൻസ് യൂണിറ്റിൽ (സാധാരണയായി ഗ്രാമ പഞ്ചായത്ത്) ഇൻഷൂർ ചെയ്യപ്പെട്ട വിളകളുടെ നാശത്തിന് സമഗ്രമായ ഇൻഷൂറൻസ് പരിരക്ഷ നൽകുന്നു.
2. ഈ പദ്ധതി, ഇൻഷൂറൻസ് യൂണിറ്റിൽ (സാധാരണയായി ഗ്രാമ പഞ്ചായത്ത്) പരാജയപ്പെട്ട വിത/വിതച്ചതിൽ 75 ശതമാനത്തിലേറെ സ്ഥലങ്ങളിൽ വിത്തുകൾ മുള പൊട്ടാതിരിക്കുക എന്നിവയ്ക്കെതിരായും പരിരക്ഷ നൽകുന്നു.
3. കൊടുങ്കാറ്റ്, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവ സംഭവിച്ചാൽ ഒരോ കൃഷിയിടത്തിന്റേയും അടിസ്ഥാനത്തിൽ നഷ്ടം കണക്കാക്കുന്നതാണ്.
4. വിളവെടുപ്പിനു ശേഷം 14 ദിവസങ്ങൾക്കുള്ളിൽ ചുഴലിക്കാറ്റ്, മഴയോടുകൂടിയ ചുഴലിക്കാറ്റ്, കാലോചിതമല്ലാത്ത മഴ എന്നിവ കാരണമുണ്ടാകുന്ന നാശത്തിന് ഒരോ കൃഷിയിടത്തിലും സംഭവിച്ച വിളനാശത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകപ്പെടുന്നതാണ്.
5. ബന്ധപ്പെട്ട സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച എല്ലാ ഭക്ഷ്യ വിളകളും എണ്ണക്കുരു വിളകളും വാർഷിക വാണിജ്യ/തോട്ട വിളകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
6. വിളവിനുള്ള വായ്പയെടുത്ത എല്ലാ കർഷകർക്കും പ്രഖ്യാപിക്കപ്പെട്ട വിളവുകൾക്ക് വായ്പാ പരിധി (കെസിസി) അനുവദിക്കപ്പെട്ട കർഷകർക്ക് ഈ പദ്ധതി നിർബന്ധമാണ്.
7. ഇൻഷൂർ ചെയ്യുന്ന വിളയിന്മേൽ താല്പര്യമുണ്ടെങ്കിൽ വായ്പയെടുക്കാത്ത കർഷകർക്കും സ്വമേധയാ ഈ പദ്ധതിയിൽ ചേരാവുന്നതാണ്.
8. ബന്ധപ്പെട്ട സീസണിൽ എല്ലാ വിളകൾക്കും കർഷകൻ ഒരു സീസൺ, ഒരു നിരക്ക് എന്ന അടിസ്ഥാനത്തിൽ പരമാവധി 2%, 1.5% അല്ലെങ്കിൽ 5% ടോക്കൺ പ്രീമിയം അടയ്ക്കേണ്ടതാണ്.

സംസ്ഥാനതല ബാങ്കേഴ്സ് സമിതി, കേരളം
(ഭാരതീയ റിസർവ്വ് ബാങ്കിന്റെ ലീഡ് ബാങ്ക് പദ്ധതി പ്രകാരം)
राज्य स्तरीय बैंकों की समिति, केरल
(भा. रि. बैं . के अग्रणी बैंक योजना के तहत)
STATE LEVEL BANKERS' COMMITTEE, KERALA
(Under Lead Bank Scheme of RBI)

कन्वीनर കൺവീനർ Convenor
കനറാ ബാങ്ക്
केनरा बैंक
Canara Bank